നദീതീരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ

161(1228) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീതീരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നദീതീര സംരക്ഷണത്തിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും മലിനീകരണം തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാറിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നദീതീരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരളാ ഭൂസംരക്ഷണ നിയമം, 1957 പ്രകാരം ജില്ലകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. നദീതീര സംരക്ഷണവും സൗന്ദര്യവൽക്കരണവും ലക്ഷ്യമാക്കി സർക്കാർ 'പുഴ മുതൽ പുഴവരെ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തീരപ്രദേശത്ത് വൃക്ഷങ്ങളും ചെടികളും വള്ളിച്ചെടികളും വച്ചുപിടിപ്പിച്ച് തീരം മനോഹരമാക്കുകയും അനധികൃത മണൽ ഖനനം, കയ്യേറ്റം എന്നിവ തടയുക എന്നുള്ളതുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മലിനീകരണം തടയുന്നതിനായി സർക്കാർ ക്ലീൻ കേരള പദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളതുമാണ്.

കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ്

162(1229) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിന് സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) സ്ഥലമെടുക്കുന്നതിന് നിലനില്ക്കുന്ന തടസ്സം വ്യക്തമാക്കുമോ; ഇതു പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കോട്ടയം കളക്ടറേറ്റിൽ നിന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; 37294/റവന്യൂ എ/2014 നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly